1922-ൽ അത്താതുർക്ക് മുസ്ത്വഫാ കമാൽ പാഷയുടെ നേതൃത്വത്തിൽ തുർക്കി, ഗ്രീസിനുമേൽ നേടിയ വിജയം ആഘോഷിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് കേരള ഖിലാഫത്ത് കമ്മിറ്റി നടത്തിയ ഈ അഭ്യർഥന നാമമാത്രമെങ്കിലും നിലനിന്ന ഖിലാഫത്തിനോടുള്ള അക്കാലത്തെ മുസ്‌ലിംകളുടെ മാനസികാവസ്ഥ വ്യക്തമാക്കുന്നു.

# കേരളീയമുസൽമാന്മാരോട് ഒരപേക്ഷ

മാന്യ സഹോദരങ്ങളേ, മതാഭിമാനികളേ,

ഇപ്പോൾ നിങ്ങളോട് ഒരു ദീർഘപ്രസംഗം ചെയ്യണമെന്ന് ഞാൻ വിചാരിക്കുന്നില്ല. നിങ്ങളുടെ അഭീഷ്ടം സാധിപ്പിക്കുവാനും നിങ്ങളുടെ കടമ നിർവഹിക്കുവാനും നിങ്ങൾ എപ്പോഴും തയാറാണെന്ന് എനിക്കറിയാം. ഖിലാഫത്ത് പ്രവൃത്തികളിൽനിന്നും കേരളം മാത്രം സ്വസ്ഥമായിരിക്കുവാൻ നാം അനുവദിക്കുകയോ? ആ സ്വസ്ഥതയൽ നാം ക്ഷമിച്ചിരിക്കുകയോ? ഇല്ല; ക്ഷമിച്ചിരിക്കാൻ നമുക്ക് സാധിക്കയില്ലല്ലോ. ആഘോഷം കൊണ്ടാടുകയോ അമിതമായി പണം ചെലവഴിക്കുകയോ ആജ്ഞാലംഘനം ചെയ്ത് ജയിൽവാസം സ്വീകരിക്കുകയോ വേണമെന്ന് നിങ്ങൾ അതിനു തയാറുണ്ടെന്നിരിക്കട്ടെ- തൽക്കാലം ആ വക ബുദ്ധിമുട്ടുകൾ അനുഭവിക്കേണമെന്ന് കേരളം നിങ്ങളോടാവശ്യപ്പെടുന്നില്ല. *ഇത്തിഫാഖ്* എന്ന ബന്ധം ഉറപ്പിക്കുവാൻ നിങ്ങൾ എപ്പോഴും ഒരുക്കമാണല്ലോ. അത് നമുക്കൊഴിച്ചുകൂടാവുന്നതുമല്ല. അതിനു നിങ്ങളുടെ പേരുകൾ ഖിലാഫത്ത് രജിസ്ട്രുകളിൽ ചേർത്ത് കമ്മിറ്റിയിൽ അംഗങ്ങളായിരിപ്പീൻ. ഇതാണ് തൽക്കാലം നിങ്ങൾക്ക് ചെയ്‌വാനുള്ളത്. ഇതു മാത്രമാണ് നിങ്ങളോട് അപേക്ഷിക്കാനുള്ളത്. ഇതിന് നിങ്ങൾ യാതൊരു ബുദ്ധിമുട്ടും അനുഭവിക്കേണ്ടതായിട്ടില്ല.

ഇസ്‌ലാം ശരീഅത്ത് അനുസരിച്ച് ഖലീഫായുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. ഈ വർത്തമാനം തീർച്ചയായും നിങ്ങളെ സന്തോഷിപ്പിക്കാതിരിക്കുകയില്ല. ലോകാവസാനം വരെ ഖിലാഫത്ത് നിലനിർത്തേണ്ടത് നമ്മുടെ കടമയുമാണ്. ഖലീഫാ തിരുമനസ്സിൽനിന്നു നമുക്ക് വളരെ എല്ലാം പ്രദാനം ചെയ്‌വാനുണ്ട്. തിരുമനസ്സിലേക്കു നാം ചെയ്‌വാൻ കടമപ്പെട്ടിരിക്കുന്നതും കുറച്ചൊന്നുമല്ല. അതിനെല്ലാം ഖിലാഫത്ത് സ്ഥാപനങ്ങൾ ദേശന്തോറും ക്രമമായി ഉണ്ടായിരിക്കേണ്ടത് വളരെ ആവശ്യമാകുന്നു. അതിനും നാം തന്നെ യത്നിക്കാതെ കഴിയില്ല. ഇപ്പോൾ മുഖ്യമായി വേണ്ടത് പ്രത്യേകിച്ച് കേരളത്തിൽ ഖിലാഫത്ത് സ്ഥിരപ്പെടുത്തുകയാകുന്നു. ഇതിൽ നിങ്ങൾ ഉത്സാഹഭരിതരാണെന്നു വിശ്വസിക്കുന്നു. ജാഗ്രതയോടെ ഇത് നിർവഹിക്കുവാൻ നിങ്ങളോടപേക്ഷിക്കുന്നു.

ബഹുമാനപ്പെട്ട ഗാസി മുസ്ഥഫാ കമാൽപാഷാ ഖിലാഫത്ത് അംഗങ്ങൾക്ക് പ്രത്യേകം സലാം പറഞ്ഞയച്ചത് നിങ്ങളെ അറീച്ചുകൊള്ളുകയും ഗാസി അവർകൾക്ക് വിജയത്തിനു പ്രാർഥിപ്പാൻ അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

ഗാസി അവർകൾക്കും മുസ്‌ലിം യോദ്ധാക്കൾക്കും സെൻട്രൽ കമ്മിറ്റിയിൽനിന്ന് സമ്മാനിക്കാൻ നിശ്ചയിച്ചിരിക്കുന്ന വാളും വിമാനവും നൽകേണ്ടതിലേക്ക് നിങ്ങളാൽ കഴിയുന്ന സംഖ്യ സ്ഥലത്തെ ഖിലാഫത്ത് കമ്മറ്റിയിലേക്കയച്ചുകൊടുപ്പിൻ. എല്ലാ ഖിലാഫത്ത് കമ്മിറ്റികളും വിമാനഫണ്ട് ശേഖരിപ്പാൻ ഉടനെ ഏർപ്പാട് ചെയ്യേണമെന്ന് സംസ്ഥാന കമ്മിറ്റിയുടെ കഴിഞ്ഞ യോഗം തീരുമാനിച്ചിരിക്കുന്നു. ഐക്യകേരളത്തിന്റെ പേരിൽ ഈ ജനവരി മാസാവസാനത്തിനു മുമ്പായി തക്കതായ ഒരു സംഖ്യ അയച്ചുകൊടുക്കേണമെന്നാണ് സംസ്ഥാന കൗൺസിൽ ഉദ്ദേശിക്കുന്നത്. എല്ലാ മുസ്‌ലിമീങ്ങളും മിതവാദികളൊ, അമിതവാദികളൊ ആരാവട്ടെ തങ്ങളിലുള്ള അഭിപ്രായ വ്യത്യാസം വകവെക്കാതെ അങ്കാറാ വിമാനഫണ്ടിലേക്ക് ദാനം ചെയ്യുമെന്നാശിക്കുന്നു. ഈ ദാനം വാസ്തവത്തിൽ അവരവരെത്തന്നെ അഭിനന്ദിക്കുക മാത്രമാണ്.

ഇസ്‌ലാമിനു വേണ്ടി സർവവും ത്യാഗം ചെയ്തു ഇസ്‌ലാമിനു വിജയം സമ്പാദിച്ച യോദ്ധാക്കളെയാണ് അനുമോദിക്കുന്നതെന്ന് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെ ഒരു സമ്മാനദാനം ചെയ്‌വാൻ അടുത്ത അവസരത്തിൽ നമുക്ക് സാധിച്ചിരുന്നില്ല. അതിനാൽ തൽക്കാല ദാരിദ്ര്യം മുടക്കമായി വിചാരിക്കാതെ ഈ ഫണ്ട് വർധിപ്പിക്കുവാൻ എല്ലാവരും ബദ്ധശ്രദ്ധരായിരിക്കുമെന്ന് വിശ്വസിക്കുന്നു. ഇസ്‌ലാം വിജയത്തിൽ അനുമോദിക്കേണ്ടതും അനുമോദനം രേഖപ്പെടുത്തുന്നതിൽ പങ്കുചേരേണ്ടതും ഓരോ മുസ്‌ലിമിന്റെയും കടമയാകുന്നു.

ഇയ്യിടെ സംസ്ഥാന കമ്മിറ്റിയുടെ ഒരു യോഗം കോഴിക്കോട്ടു വെച്ച് കൂടിയപ്പോൾ വളരെ ചുരുക്കം പേര് മാത്രമേ ഹാജരുണ്ടായിരുന്നുള്ളൂ. മെമ്പർമാർക്ക് അസൗകര്യം നേരിട്ടതുകൊണ്ടായിരിക്കാം ഹാജർ ചുരുങ്ങിയത്. ഈ ജനവരി 10-ന് ബുധനാഴ്ച പകൽ 11 മണിക്ക് തലശ്ശേരിയിൽ വെച്ച് മേപ്പടി കമ്മറ്റിയുടെ ഒരു യോഗം കൂടുന്നതാകുന്നു. ഈ യോഗത്തിൽ സന്ദർശകന്മാരും തങ്ങൾക്ക് ഖിലാഫത്തിലുള്ള ഭക്തി വെളിപ്പെടുത്തി യോഗത്തിൽ ഹാജരാകുമെന്ന് വിശ്വസിക്കുന്നു.

പി. ഹുസൈൻ

സംസ്ഥാന ഖിലാഫത്ത് കമ്മറ്റി ജോയിംഗ് സെക്രട്ടറി

(കോഴിക്കോടുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഹിദായത്ത് മാസികയിൽ 1922 ഡിസംബർ- 23 ജനുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ചത്).